# കാരുണികൻ

Vol.18 No. 06 June 2021

സമഗ്ര ദൈവശാസ്ത്ര മാസിക



## വചനബോധി

## മലങ്കര

# വചനബോധി
## സീറോമലങ്കര

പത്രാധിപസമിതി

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ

ഉള്ളടക്കം

**ജൂലൈ 03___ ദുക്റാനതിരുനാൾ**
**Page : 03**
- ഡോ. ആൻസൺ പാണേങ്ങാടൻ CMI

**ജൂലൈ 04___ശ്ലീഹാ 1-ാം ഞായർ**
**Page : 06**
**ലൂക്കാ 15:1 – 7**
- ഡോ. ജേക്കബ് മുല്ലൂർ
- ഫാ. ജോഷ്വാ കൊച്ചുവിളയിൽ

**ജൂലൈ 11 ___ കൈത്താ 1-ാം ഞായർ**
**Page : 11**
**മർക്കോ 3:20 – 30**
- ഡോ. വർഗീസ് ചിരപ്പറമ്പൻ VC
- ഫാ. അജോ കളപ്പുരയിൽ

**ജൂലൈ 18 ___ കൈത്താ 2-ാം ഞായർ**
**Page : 15**
**മർക്കോ 4:1 – 20**
- ഡോ. വർഗീസ് ചിരപ്പറമ്പൻ VC
- ഫാ. ആന്റണി കല്ലിൽ OIC

**ജൂലൈ 25___ കൈത്താ 3-ാം ഞായർ**
**Page : 21**
**ലൂക്കാ 14:7 – 11**
- ഡോ. മൈക്കിൾ കാരിമറ്റം
- ഫാ. വിൻസന്റ് ഇടക്കരോട്ട്

# ജൂലൈ 03
# ദുക്റാനത്തിരുനാൾ

## പ്രസംഗം
### ഇരട്ടചങ്കൻ തോമാശ്ലീഹാ

അസാധാരണ ധൈര്യമുള്ളവൻ, എന്തിനും തുനിഞ്ഞിറങ്ങുന്നവൻ, ചങ്കൂറ്റമുള്ളവൻ, കരളുറപ്പുള്ളവൻ അസാമാന്യഹൃദയമുള്ളവൻ എന്നൊക്കെയാണ് 'ഇരട്ടചങ്കൻ' എന്ന വാക്കിന് മലയാളഭാഷ നൽകുന്ന നിർവചനങ്ങൾ. പത്രോസ് ശിഷ്യഗണത്തിന്റെ നേതാവായിരുന്നുവെങ്കിൽ തോമസ് അവരുടെ മോട്ടിവേറ്ററായിരുന്നു. അതിലുപരി തോമാശ്ലീഹയ്ക്കു ചേരുന്നത് *ഇരട്ടചങ്കൻ* എന്ന വിശേഷണമാണ്. ലാസറിന്റെ മരണവാർത്തയറിഞ്ഞ് ബഥാനിയായിലേക്ക് പുറപ്പെടാനിരുന്ന യേശുവിനെ ശ്ലീഹന്മാർ തടയുന്നത് അവിടെയുള്ള ജനങ്ങൾ കല്ലെറിയാൻ സാധ്യതയുണ്ട് എന്ന് പറഞ്ഞാണ്. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" (യോഹ 11 :16) എന്നുപറഞ്ഞ് ശിഷ്യന്മാരെ ബലപ്പെടുത്തുന്നത് തോമസിലെ ഇരട്ടചങ്കനാണ്. ഈശോ പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കാൻ പോകുകയാണെന്ന് സ്നേഹിതന്മാരെ ഉദ്ബോധിപ്പിക്കുമ്പോൾ അതിന്റെ പൊരുളറിയാതിരുന്ന തന്റെ സഹപ്രവർത്തകർക്കുവേണ്ടി "കർത്താവേ, അങ്ങ് എവിടേക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും"(യോഹ 14:5) എന്ന് ചോദിക്കുന്നത് തോമസിലെ ഇരട്ടചങ്കനാണ്. തിരുവുത്ഥാനത്തിനുശേഷം ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെട്ട ഗുരുവിനെക്കുറിച്ച് തന്റെ പ്രിയപ്പെട്ടവരിൽ നിന്ന് കേട്ടപ്പോൾ "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരലിടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈവയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല"(യോഹ 20:25) എന്ന അപാരധൈര്യത്തോടെ മറ്റു ശിഷ്യന്മാരെ ആശ്ചര്യപ്പെടുത്തുന്ന ചങ്കൂറ്റത്തോടെയുള്ള പ്രസ്താവന നടത്തുന്നതും തോമസിലെ ഇരട്ടചങ്കനാണ്.

**പെരിയ മലയിലെ വിശ്വാസപ്രഖ്യാപനം:**

പലരും ഉത്ഥാനത്തെ വിശ്വസിക്കാത്ത സംശയരോഗിയായി തോമസിനെ മുദ്രകുത്തുന്നുണ്ടെങ്കിലും സത്യത്തിൽ ആ പദപ്രയോഗംതന്നെ ശിഷ്യനെ ആക്ഷേപിക്കലല്ലേ? വിശ്വാസത്തിന്റെ കാര്യത്തിൽ എത്രയോ ഉന്നതങ്ങളിലാണ് തോമസിന്റെ സ്ഥാനം. "എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ 20:28) എന്ന ഒരൊറ്റ വചനത്തിലുണ്ട് തോമസ് എന്ന ശിഷ്യനിലെ വിശ്വാസത്തിന്റെ ആഴം. ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി ജീവനർപ്പിച്ച, കുരിശിൽ കിടന്ന് 'പിതാവേ എല്ലാം പൂർത്തിയായിരിക്കുന്നു' എന്നു പറഞ്ഞ, തന്റെ ഗുരുവായ യേശുവിന്റെ പാർശ്വത്തിൽ തൊട്ട വിശ്വാസം തോമസിനെ ക്രിസ്തുവിനു വേണ്ടി മരിക്കുന്ന വിശ്വാസത്തിന്റെ പ്രേഷിതനാക്കുന്നുണ്ട്. അന്നത്തെ മദിരാശിയും ഇന്നത്തെ ചെന്നൈയും ചിന്നമല, *പെരിയമലൈ* എന്ന സ്ഥലങ്ങൾ യഥാക്രമം ലിറ്റിൽ മൗണ്ട്, സെന്റ് തോമസ് മൗണ്ട് സന്ദർശിക്കുകയാണെങ്കിൽ യഥാർത്ഥ ഗുരുശിഷ്യസമർപ്പണത്തിന്റെ ആർദ്രത മനസ്സിലാകും. ഈ സ്ഥലങ്ങൾ ഇന്നും ആയിരക്കണക്കിന് വിശ്വാസികൾക്ക് പ്രചോദനമായി നിലകൊള്ളു ന്നു. ഇവിടുത്തെ അത്ഭുത ഉറവയും രക്തം വിയർക്കുന്ന കുരിശും പാറമേൽ പതിഞ്ഞിട്ടുള്ള തോമാശ്ലീഹായുടെ പാദങ്ങളും പ്രാർത്ഥിക്കുമ്പോൾ ശത്രുക്കളാൽ കുത്തേറ്റ മലയിലെ ഗുഹയും തോമസിന്റെ ജീവൻ കൊടുത്തു ഗുരുവിനുവേണ്ടി നിലകൊണ്ട വിശ്വാസത്തിന്റെ നേർസാക്ഷ്യങ്ങളാണ്. കടുത്ത ആരാധനയോടെ മാത്രമേ ഈ ശിഷ്യന്റെ അന്ത്യനിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ പുണ്യസ്ഥലങ്ങളിൽ തീർത്ഥാടനം ചെയ്യാനാകൂ. സ്വന്തം ജീവൻ കൊടുക്കുന്നതിലപ്പുറം എങ്ങനെയാണ് ഒരു ശിഷ്യന് ഗുരുവിനെ സ്നേഹിക്കാനാവുക? അതുകൊണ്ട് സുഹൃത്തേ, 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്നു വിളിക്കുന്ന, ജീവിക്കുന്ന, മരിക്കുന്ന വിശ്വാസത്തിന്റെ ഇരട്ടചങ്കൻ തലത്തിലേക്ക് വളരുക.

**പുനർവ്യാഖ്യാനം ചെയ്യപ്പെടേണ്ട വിശ്വാസപ്രഖ്യാപനങ്ങൾ**

കുഞ്ഞായിരുന്നപ്പോൾ നമുക്കുവേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും വിശ്വാസം ദൈവസന്നിധേ മാമ്മോദീസ പരികർമസമയത്ത് പ്രഖ്യാപിച്ചു. വേദഗ്രന്ഥത്തിൽ വലതുകരം തൊട്ടാണ് ഇന്നുമുതൽ മരണംവരെ എന്ന് വിവാഹവാഗ്ദാനം വിശ്വാസപ്രഖ്യാപനം ദമ്പതി

കൾ നടത്തിയത്. പിറക്കാൻ പോകുന്ന കുഞ്ഞുങ്ങൾക്കുവരെ വിശ്വാസപരിശീലനം നൽകാമെന്ന് വിവാഹവേളയിൽ ദമ്പതിമാർ പ്രഖ്യാപനം നടത്തുന്നുണ്ട്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട നസ്രാണിക്രിസ്ത്യാനികളുടെ വിശ്വാസത്തിന്റെ ആഴം കുറഞ്ഞോ? കോവിഡ് പ്രോട്ടോകോൾ കാലഘട്ടത്തിൽ 100 പേർക്ക് പങ്കെടുക്കാ വുന്ന ദൈവാലയങ്ങളിൽ പലതും എൺപതും എഴുപതും പേരിൽ ഒതുങ്ങിയത് എന്താണ്? വിശുദ്ധ കുർബാനയ്ക്ക് മിക്കവാറും ദൈവാലയങ്ങളിൽനിന്ന് തത്സമയപ്രക്ഷേപണം ഉണ്ടായിട്ടും നമ്മുടെ കുട്ടികൾ ഫോർവേഡ്, റിവൈന്റ് അടിച്ചു കുർബാന കാണുന്ന രീതിയിലേക്ക് മാറുന്ന, മുൻകൂട്ടി റെക്കോർഡ് ചെയ്ത് യൂട്യൂബ് കുർബാനകൾ സമയം ക്രമീകരിച്ചുകാണുന്നതെന്ത്? നൂറുകണക്കിന് വിശ്വാസികൾക്കൊപ്പം ബലിയർപ്പിച്ച വൈദികർ കോവിഡ് മാനദണ്ഡമനുസരിച്ച് ഒറ്റയ്ക്ക് ബലിഅർപ്പിക്കുമ്പോൾ വിശ്വാസതീഷ്ണത കുറയുന്നുണ്ടോ? തുടങ്ങി നിരവധിചോദ്യങ്ങൾ ഈ വിശ്വാസപ്രഖ്യാപന തിരുനാൾ, കോവിഡു കാലഘട്ടത്തിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്.

ഈയിടെ തന്റെ അമ്മയെ നഷ്ടപ്പെട്ട ഒരു പ്ലസ് ടു വിദ്യാർഥി പങ്കുവച്ചകാര്യം ഓർമിക്കുകയാണ്: അച്ചാ, വീട്ടിലെല്ലാർക്കും കോവിഡ് വന്നപ്പോൾ ഞങ്ങളെയൊക്കെ പരിചരിച്ചതും ധൈര്യം പകർന്നതും അമ്മയാണ്. ഞങ്ങളൊക്കെ സുഖപ്പെട്ടു. ഞങ്ങളുടെ കുടുംബത്തിലെ ഏറ്റവും ആരോഗ്യവതിയായ അമ്മമാത്രം ഞങ്ങൾക്ക് നഷ്ടപ്പെട്ടു. അമ്മയെ ഞാൻ ഒരുപാട് വേദനിപ്പിച്ചിട്ടുണ്ട്. ഒന്നു സ്നേഹിച്ചു തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. എന്താ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? കൂടെയുണ്ടെന്ന് ഉറപ്പുള്ളവരൊക്കെ മണ്ണിലേക്ക് മടങ്ങുന്ന കാലമാണിത്. നല്ല കാര്യങ്ങൾ ചെയ്യാൻ ഇനി കാക്കേണ്ട; വിശ്വാസത്തിന്റെ ഇരട്ടചങ്കനായി ജീവിച്ചുതുടങ്ങുക. നിന്റെ കുടുംബജീവിതത്തിലും സമൂഹജീവിതത്തിലും. പിതാവായ തോമാശ്ലീഹാ മു ന്നിലുണ്ട്. അവസാനമായി, നിന്നിൽനിന്ന് ഇരട്ടചങ്കനിലേക്കുള്ള ദൂരമാണ് ദുക്റാന എന്ന് ഓർമിക്കാം. തോമശ്ലീഹായ്ക്ക് സ്നേഹമായിരുന്നു വിശ്വാസം; വിശ്വാസമായിരുന്നു സ്നേഹം. “എന്റെ കർത്താവേ എന്റെ ദൈവമേ!” (യോഹ 20:28).

**ഡോ. ആൻസൺ പാണേങ്ങാടൻ CMI**

# ജൂലൈ 04
# ശ്ലീഹാ 1–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 15:1–7

## സന്ദർഭം

ലൂക്കാസുവിശേഷം പതിനാലാം അധ്യായം അവസാനിക്കുന്നത് 'കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ' (14: 34)എന്ന് പറഞ്ഞു കൊണ്ടാണ്. ഫരിസേയരും നിയമജ്ഞരും യേശുവിന് ചെവികൊടുക്കാതെ പുറംതിരിഞ്ഞു നിൽക്കുമ്പോൾ യഹൂദസമൂഹം വെറുത്തിരുന്ന, അകറ്റിനിർത്തിയിരുന്ന ചുങ്കക്കാരും പാപികളും അവനെ കേൾക്കാൻ വന്നുകൊണ്ടിരുന്ന സന്ദർഭത്തിലാണ് യേശു മൂന്ന് കഥകളിലൂടെ പാപികളുടെ മാനസാന്തരം സൃഷ്ടിക്കുന്ന ദൈവികപദ്ധതി എന്താണെന്ന് പഠിപ്പിക്കുന്നത്. അതിൽ ആദ്യത്തേതാണ് നഷ്ടപ്പെട്ടുപോയ ആടിനെ കണ്ടെത്തുന്ന ഇടയന്റെ സന്തോഷത്തിന്റെ കഥ (15:1–7).

## സാരം

ഇടയജീവിതത്തോടുചേർന്ന ഒരു കഥ. 100 ആടുകൾ ഉള്ളതിൽ ഒന്നുനഷ്ടമായാൽ ബാക്കി 99–ലും സംതൃപ്തി കണ്ടെത്താതെ നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകുന്ന ഇടയനാണ് കഥയിലെ നായകൻ. തിരിച്ചുകിട്ടുന്നതുവരെ അലയുന്നു, കിട്ടികഴിയുമ്പോൾ കൂട്ടുകാരെകൂട്ടി സന്തോഷിക്കുന്നു. ദൈവം, താൻ സൃഷ്ടിച്ച മനുഷ്യരാരും നശിക്കണം എന്ന് ആഗ്രഹിക്കുന്നില്ലെന്നുമാത്രമല്ല, നഷ്ടപ്പെട്ടതിനെ തേടിപ്പിടിക്കാൻ ഏതററംവരെയും പോകുമെന്നും വചനം പഠിപ്പിക്കുന്നു.

## സന്ദേശം

1. താൻ എന്തുകൊണ്ടാണ് ചുങ്കക്കാരോടും പാപികളോടുമൊപ്പം നടക്കു കയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നത് എന്ന് വിശദീക രിക്കാൻ യേശു പറയുന്ന ആദ്യകഥയാണ് നഷ്ടപ്പെട്ട ആടിനെ കണ്ടെ ത്തുന്ന കഥ. യഹോവയെ ചിത്രീകരിക്കുന്ന പ്രതീകങ്ങളിൽ പ്രധാന പ്പെട്ടതാണ് ഇടയചിത്രം. "ഇടയനെപോലെ അവിടുന്ന് തന്റെ ആട്ടിൻ കൂട്ടത്തെ മേയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽചേർ ത്ത് മാറോടണച്ച് തള്ളയാടുകളെ സാവധാനം മേയിക്കുന്നു" (ഏശ 40:11). അതുപോലെ എസെക്കിയേൽ 34 :11-12- ൽ പറയുന്നു: "ഇതാ ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും. ആടു കൾ ചിതറിപോയാൽ ഇടയൻ അവയെ അന്വേഷിച്ചിറങ്ങും". നഷ്ടപ്പെ ട്ടു പോകുന്ന മനുഷ്യനെ തേടിചെല്ലുന്നത് പറുദീസയിൽ ആരംഭിച്ച താണ് (ഉത്പ 3:9) ആരും നശിച്ചുപോകാതിരിക്കാനാണ് ഏകജാത നെ ഈ ലോകത്തിലേക്ക് അയച്ചത് എന്ന് (യോഹ 3:16) വ്യക്തമാക്കു ന്നുണ്ട്. നമ്മൾ തേടുന്ന ഒരു ദൈവപിതാവിന്റെ ചിത്രം എത്രയോ പ്രതീക്ഷ നൽകുന്നതാണ്. നാം അവിടുത്തെ മുമ്പിൽ വിലപ്പെട്ടവ രാണ്.

2. യേശു ഈ കഥ പറയുന്ന സാഹചര്യം നമുക്ക് ശ്രദ്ധിക്കാം. ചുങ്കക്കാരും പാപികളും തന്നെ കേൾക്കാൻ വരുന്നതുകണ്ട് പിറു പിറുക്കുകയും ആവലാതിപ്പെടുകയും ചെയ്യുന്ന ഫരിസേയരോടും നിയമജ്ഞരോടും കൂടിയാണ് യേശു ഈ കഥ പറയുന്നത്. പത്തു പ്രമാണങ്ങളും റബായവ്യാഖ്യാനവും ഉൾപ്പെടുന്ന 600-പരം ഉപകല്പ്പനകളും അറിയാത്തവരും അതുകൊണ്ടുതന്നെ അവയുടെ ലംഘ കരുമാണ് പാപികൾ എന്നറിയപ്പെട്ടിരുന്നത്. യഹൂദർ നിഷിദ്ധമായി കരുതിയിരുന്ന നികുതിപിരിവുകളിൽ ഏർപ്പെട്ടവരായിരുന്നു ചുങ്ക ക്കാർ. ഇവരെല്ലാം ഭ്രഷ്ട് കല്പിക്കപ്പെട്ടവരായിരുന്നു. മുഖ്യധാരകളി ൽ അവർക്ക് പ്രവേശനമോ അംഗീകാരമോ ഇല്ലായിരുന്നു. പ്രബല യഹൂദരുടെ കാഴ്ചപ്പാടിൽ നഷ്ടപ്പെട്ടവരായിരുന്നു. അവർ അതിനാൽ ത്തന്നെ നരകത്തിൽ ശിക്ഷിക്കപ്പെടും. ഇതിനെയാണ് യേശു തിരു ത്താൻ നോക്കുന്നത്. അവരോടൊപ്പമായിരുന്നുകൊണ്ട് അവർ വില പ്പെട്ടവരാണെന്ന് ബോധ്യപ്പെടുത്തി, സഖേവൂസിനെപ്പോലെ അവരെ രക്ഷയുടെ വഴികളിൽ എത്തിക്കുകയായിരുന്നു യേശുവിന്റെ

ശുശ്രൂഷ. ഇതുപോലെ നഷ്ടപ്പെട്ട വരെ വീണ്ടെടുക്കുക എന്നതാണ് നമ്മുടെയും ദൗത്യം.

3. വചനഭാഗം അവസാനിക്കുന്നത് എത്രമാത്രം ശുഭചിന്തയോടെ യാണെന്ന് ശ്രദ്ധിക്കാം. മാനസാന്തരപ്പെടുന്ന ഒരു വ്യക്തിയെകുറിച്ച് സ്വർഗ്ഗത്തിൽ വലിയ സന്തോഷമുണ്ടാകും. മഹാവിരുന്നിന്റെ ഉപമ യിൽ ആഘോഷങ്ങളിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ടല്ലോ (14:12-14). സ്വാഭാവികമായി സ്വർഗം അനുഭവിക്കാ ൻ അവസരം ഉണ്ടാക്കേണ്ടവരാണ് ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ടവരായ യഹൂദ പ്രമുഖർ. അവർ പക്ഷേ യേശുവിനെതിരെ പുറം തിരിഞ്ഞു നിൽക്കുകയാണ്. ഗ്രീക്കിൽ *metanonia* എന്ന പദത്തിന് എതിർദിശയിലേക്ക് നടക്കുക, ഗ്ലാസ് കമിഴ്ത്തി വയ്ക്കുക എന്നൊ ക്കെയാണ് അർത്ഥം. സമ്പൂർണമായ പരിവർത്തനമാണ് മാനസാന്ത രം. അപ്പോഴാണ് സ്വർഗം സന്തോഷിക്കുന്നത്. നമ്മളോരോരുത്തരും തെറ്റായ വഴികളിൽനിന്ന് പിന്തിരിഞ്ഞുനടക്കുമ്പോൾ, നല്ല ഒരു പാ പസങ്കീർത്തനം നടത്തുമ്പോൾ, നമ്മെപ്രതി സ്വർഗം സന്തോഷി ക്കും. നമ്മുടെ ജന്മദിനങ്ങളും ആനിവേഴ്സറികളും ജൂബിലികളും ആഘോഷമാക്കാൻ പ്രിയപ്പെട്ടവരെ നാം കൂട്ടാറുണ്ട്. അതിലുമപ്പുറം സ്വർഗം സന്തോഷിക്കാൻ നാം കാരണമാകുന്നതല്ലേ ഏറ്റവും വലിയ അനുഗ്രഹം.

**ഡോ. ജേക്കബ് മുല്ലൂർ**

# പ്രസംഗം

## അസൂയാവഹമായ ദൈവപരിലാളനം

"അനുതപിക്കുന്ന ഒരു പാപിയെപ്രതി സ്വർഗം സന്തോഷി ക്കും."എത്രയോ അനുഗ്രഹദായകമായ ഒരു വചനമാണിത്. യഥാർ ത്ഥ ഇടയനാണ് താനെന്ന് യേശു ഒന്നുകൂടി വ്യക്തമാക്കുകയാണി വിടെ. അതിലുപരി തന്റെ ആഗമനോദ്ദേശ്യം കൃത്യമായി പഠിപ്പിക്കു ന്നു. ആദ്യപാപത്തിന്റെ പരിണിതഫലമായി സംഭവിച്ച്, തലമുറക ളായി മാറിമറിഞ്ഞ് തിന്മ തേരോട്ടം നടത്തുമ്പോൾ അനുതപി ക്കുന്ന പാപിയെ തേടിയിറങ്ങിയ ഇടയനായി ദൈവം മാറുകയാണ്.

ഇസ്രായേൽജനത്തിന് സുപരിചിതമായ പദപ്രയോഗങ്ങളിലൂടെ വീണ്ടും തന്റെ സ്നേഹവലയത്തിലേക്ക് ദൈവപുത്രനായ യേശുക്രിസ്തു ഓരോരുത്തരേയും ചേർത്തുപിടിക്കാൻ ആഗ്രഹിക്കുന്നു. തൊണ്ണൂറ്റൊൻപതിനേയും മരുഭൂമിയിൽ വിട്ടിട്ട് നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിക്കുന്ന ഇടയൻ ഒരു പുതിയ സൂചന നൽകുന്നു. എല്ലാവരും എന്റെ പ്രിയപ്പെട്ടവരാണ്. ആരും തഴയപ്പെടേണ്ടവരല്ല, മറ്റൊരു രീതിയിൽപറഞ്ഞാൽ, ഒരു ജന്മവും പാഴല്ല. ദൈവത്തിന് എല്ലാം പ്രധാനപ്പെട്ടവയാണ്. ഏതൊരു അമ്മയ്ക്കും തന്റെ കുഞ്ഞ് നഷ്ടമായാൽ അത് ആജീവനാന്ത ദു:ഖമായിരിക്കും. ഇതുപോലെ ആലയിലെ ഒരാടിന്റെ കുറവ് ഇടയന്റെ നെഞ്ചിൽ നീറ്റലായ് മാറും. പിന്നെ എല്ലാം മറന്ന് അന്വേഷിക്കലാണ്. രാവിലെമുതൽ ഈ ആട്ടിൻപറ്റത്തിനൊപ്പം നടന്ന് ശരീരം മുഴുവൻ വേദനിക്കുന്നുണ്ടെങ്കിലും നഷ്ടപ്പെട്ട ആടിനെക്കുറിച്ചുള്ള വേദന ആ ശരീരവേദനകൾക്ക് അപ്പുറമാണ്.

സൂര്യൻ പടിഞ്ഞാറേ ചക്രവാളത്തിൽ ലയിച്ച് പ്രകാശം കുറയുന്ന സന്ധ്യമയങ്ങുന്ന നേരം. പക്ഷെ, ഉള്ളിലെ പ്രകാശത്തിന്റെ രശ്മിയാൽ ആ ആട്ടിടയൻ രാവിലെമുതൽ വൈകുന്നേരംവരെ നടന്ന അതേ വഴിത്താരകളിലൂടെ തിരയുകയാണ്. സമയവും കാലവും ക്ഷീണവും സന്ധ്യയും ഇരുട്ടും ഒന്നും ആ ഇടയനെ ബാധിക്കുന്നില്ല. ഇടയന്റെ ചങ്കിൽ നഷ്ടപ്പെട്ട ആടിന്റെ ഓർമമാത്രം. ചങ്കിടിപ്പിനേക്കാൾ ആടിന്റെ ശബ്ദത്തിനാണ് ഇടയൻ പ്രാധാന്യം നൽകുന്നത്. വഴിതെറ്റിയലയുന്ന ആടിന്റെ പുറകെ നിലപാടുകൾ തെറ്റാത്ത ഒരു ഇടയമനസ്സ്. ഈ നല്ലിടയൻ മനസ്സിൽ സ്നേഹംമാത്രം സൂക്ഷിക്കുന്നവനാണ്. മരണത്തിന്റെ ഇരുൾവീണ താഴ്വരയിലൂടെ നടക്കേണ്ടിവന്നാലും ഭയമറിയാതെ മുന്നോട്ടുപോകാൻ ഈ ഇടയന്റെ പ്രകാശമാണ് നാം ആർജിച്ചെടുക്കേണ്ടത്.

നഷ്ടപ്പെട്ടതിന് ദൈവം കൊടുക്കുന്ന പരിലാളന അസൂയാവഹമാണ്. അവൻ അതിനെ കണ്ടെത്തി തോളിലേറ്റി നടക്കുന്നു. കുഞ്ഞുനാളിൽ അപ്പന്റെ തോളിലേറി ലോകകാഴ്ച കണ്ടപ്പോൾ ലോകത്തിന്റെ ഏറ്റവും ഉയരത്തിലാണ് നാമെന്ന് തോന്നിയ ആ ബാല്യകാലസ്മരണ നമ്മുടെ ഹൃദയത്തിന്റെ ഏതെങ്കിലും കോണിലുണ്ടെങ്കിൽ ഈ വചനധ്യാനം എളുപ്പമാകും. ഇടയന്റെ തോളിലിരുന്ന് ആട്ടിൻകുട്ടി കാണുന്ന കാഴ്ച, തനിക്ക് ചുവടുപിഴച്ചുപോയ വഴികളാണ്.

പച്ചിലകൾ കണ്ട് മറന്നുപോയ യഥാർത്ഥവഴിയാണത്. ഇടയന്റെ തോളിലേറി നടക്കുന്ന ആ കുഞ്ഞാട് ഇനിയും ഞാൻ വഴിമാറിനടക്കില്ല എന്ന ഒരു പുതിയ ചിന്തയിൽ എ ത്തിയിട്ടുണ്ടാകും. ജറെമിയ പ്രവാചകൻ ഓർമ്മിപ്പിക്കുന്നു: "നീ നിന്റെ മാർഗങ്ങളും പ്രവൃത്തികളും തിരുത്തിയാൽ ഞാൻ നൽകുന്ന ദേശത്ത് നീ എന്നേക്കും വസിക്കും." ഇടയന്റെ തോളിൽകിടന്ന്, ഇടയന്റെ കാതിൽ തന്റെ ചുണ്ടു ചേർത്ത് ആ കുഞ്ഞാട് പറഞ്ഞിട്ടുണ്ടാകും: 'മാപ്പ്.... ചെയ്ത തെറ്റിന്... കൂട്ടം വിട്ടതിന്... ഇടയസ്വരം കേൾക്കാ ഞ്ഞതിന്...ചിന്തിച്ച് കൂട്ടിയ സകലതിനും മാപ്പ്...'

ഓരോ കുമ്പസാരക്കൂടും ഇടയന്റെ തോളിലുരുമ്മിയിരുന്ന് കാതിൽ തിന്മകൾ ഏറ്റുപറയാനുള്ള അവസരമാണ്. ചെയ്ത തിന്മയെയോർത്ത് നിലവിളി നിശബ്ദമായി മുഴങ്ങേണ്ട ഇടമാണ്. അപ്പോൾ വീടെത്തിയ ഇടയന്റെ സ്വരം തിരിച്ച് കാതിൽ മന്ത്രിക്കും: 'വരുവിൻ സന്തോഷിക്കുവിൻ. ഇതാ! നഷ്ടപ്പെട്ട ആടിനെ തിരികെ കിട്ടിയിരിക്കുന്നു.' ഇടയന്റെ തോളിൽ പ്രാണൻ പിടയുന്ന വേദനയിൽ ഭയന്നുനിന്ന ആട് ആഹ്ലാദത്തിന്റെ ആരവത്തിൽ ഭയം മറക്കുന്നു. ഇടയ ന്റെ കൂടെനടക്കാൻ, ഇടയന്റെ കാലൊച്ചമാത്രം കേൾക്കാൻ, ഇടയ ന്റെ ചങ്കിടിപ്പിന്റെ താളമറിയാൻ നമുക്കുകഴിഞ്ഞാൽ നാം വിജയി ക്കും. ബഹളങ്ങളിൽനിന്നും മാറി ശാന്തമായി ഇടയസ്വരം കേൾക്കാൻ ശ്രമിക്കാം.പിന്നിട്ട വഴികളിലെ അപാകതകളോർത്ത് മാപ്പപേക്ഷിക്കാം. ദൈവം നമ്മുടെ കാതിൽ പറയുന്ന സന്തോഷവ ചനം കേൾക്കാൻ കാത്തിരിക്കാം.

**ഫാ. ജോഷ്വാ കൊച്ചുവിളയിൽ**

# ജൂലൈ 11
# കൈത്താ 1–ാം ഞായർ

## ഭാഷ്യം

### മർക്കോ 3:20-30

### സന്ദർഭം

മർക്കോസ് സുവിശേഷത്തിന്റെ ആദ്യഭാഗത്ത് ഊന്നിപ്പറയുന്നത് യേശുവിന്റെ മിശിഹാരഹസ്യം ഗ്രഹിക്കാൻ യഹൂദനേതാക്കൾക്കോ ബന്ധുക്കൾക്കോ ശിഷ്യന്മാർക്കുപോലുമോ സാധിക്കുന്നില്ല എന്നാണ്. അതുകൊണ്ടുതന്നെ, യേശുവിനെ ബന്ധുക്കൾ തെറ്റുധരിക്കുന്നതും മതനേതാക്കൾ അവനെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിക്കുന്നതുമാണ് സുവിശേഷപശ്ചാത്തലം.

### സാരം

സ്വഭവനത്തിലേക്കുവന്ന യേശുവിനെ സുബോധം നഷ്ടപ്പെട്ടെന്ന് ധരിച്ച് സ്വന്തക്കാർ പിടിച്ചുകൊണ്ടു പോകാൻ പുറപ്പെടുന്നു. നിയമജ്ഞരാകട്ടെ, അവനിൽ ബേൽസെബൂൽ ആവേശിച്ചിരിക്കുന്നു എന്ന് ആരോപിക്കുന്നു. ഇസ്രായേലിന്റെ ദൈവത്തെ മറന്ന് എക്രോൺ ദേവനായ ബേൽസെബൂലിനെ ആശ്രയിക്കുന്ന രാജാവ് മരണത്തിന്റെ പിടിയിലാവുന്നത് രാജാക്കന്മാരുടെ പുസ്തകത്തിലുണ്ട് (2 രാജാ 18:1-18) ഇവിടെ നിയമജ്ഞർ ബേൽസെബൂലിനെ ഉപയോഗിച്ചിരിക്കുന്നത് സാത്താനെ സൂചിപ്പിക്കുന്ന അപമാനകരമായ ഒരു സംജ്ഞയായാണ്. പിശാചുബാധിതനെന്നും പിശാചുക്കളുടെ തലവനെക്കൊണ്ട് പിശാച് ബഹിഷ്ക്കരിക്കുന്നു എന്നുമുള്ള രണ്ട് ആരോപണങ്ങളാണ് യേശുവിനെതിരെ ഉന്നയിക്കപ്പെടുന്നത്. രണ്ട് കാര്യങ്ങളിലൂന്നി യേശു അവരുടെ ആരോപണങ്ങളെ ചെറുക്കുന്നു: അന്തശ്ഛിദ്രമുള്ള രാജ്യമോ ഭവനമോ നിലനിൽക്കുകയില്ല (3:24-25); പരിശുദ്ധാത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല (3:29).

## സന്ദേശം

പരിശുദ്ധാത്മാവിൽ നിറഞ്ഞ് നന്മപ്രവർത്തികൾ ചെയ്യുന്ന യേശുവിനെ ബോധപൂർവ്വം പിശാചുബാധിതനായി ചിത്രീകരിക്കുന്നത് ക്ഷമിക്കാനാകാത്ത പാപമാണ്. സ്വാർത്ഥതാൽപര്യങ്ങൾക്കു വേണ്ടി പിശാചിനെ ദൈവമായി ചിത്രീകരിക്കുന്നതോ, ദൈവകൃപയെ പിശാചായി ചിത്രീകരിക്കുന്നതോ ക്ഷമിക്കാനാകാത്ത ദൂഷണമാണ്. ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനെതിരായി നമ്മുടെ ഉള്ളിന്റെ വാതിൽ എന്നേക്കുമായി അടച്ചുകളയുന്നു.

**ഡോ. വർഗീസ് ചിരപ്പറമ്പൻ VC**

---

# പ്രസംഗം

## വിശ്വാസവും രക്ഷയും

വലിയ പ്രതിസന്ധികളുടെ നടുവിലാണ്, പുതിയ മാർഗങ്ങളിലൂടെ നാം സുവിശേഷം ധ്യാനിക്കുന്നതും ശ്രവിക്കുന്നതും. ആഴമില്ലാതെ പോകുന്ന ക്രൈസ്തവജീവിതങ്ങൾ പ്രതിസന്ധിഘട്ടങ്ങളിൽ കടപുഴകുമ്പോൾ സുവിശേഷത്തിന്റെ ആഴങ്ങളിലേക്ക് വിശ്വാസത്തിന്റെ വേരുകളിറക്കാൻ മർക്കോസ് 3: 20–30 വചനങ്ങൾ നമ്മെ സഹായിക്കട്ടെ.

അനേകർ യേശുവിൽ വിശ്വസിച്ചു. അവിടുത്തെ അത്ഭുതപ്രവർത്തികളിൽ ആകൃഷ്ടരായി അവന്റെ വചനം കേൾക്കാൻ ഒരുമിച്ചുകൂടി. ഇതിൽ അമർഷംപൂണ്ട നിയമജ്ഞരെയും കൂട്ടരെയും നമുക്കിവിടെ കാണാം. കർത്താവിന് പിശാചുബാധയാണ് എന്നു പറഞ്ഞുകൊണ്ടാണ് അവർ അവനെ പിടിച്ചുകൊണ്ടുപോകാൻ നോക്കിയത്. 'ബേൽസെബൂൽ' എന്നുപോലും അവർ അവനെ വിളിച്ചു. അവരുടെ നേരേതിരിഞ്ഞ് അവർക്കുള്ള മറുപടി നൽകുകയാണിവിടെ.

കേൾക്കുന്നവർക്ക് മനസ്സിലാകുന്നവിധം ചില ഉപമകൾവഴി അവൻ അവരോട് സംസാരിക്കാൻ തുടങ്ങി. അതിൽ പ്രധാനപ്പെട്ടതാണ് 'അന്തശ്ഛിദ്രമുള്ള രാജ്യം നിലനിൽക്കുകയില്ല' (3:24) എന്നത്. കർ

ത്താവിന്റെ പ്രബോധനങ്ങൾ ആശ്ചര്യമുളവാക്കുകയാണ്. സുവിശേഷത്തോടുള്ള മറുതലിപ്പ് കർത്താവിന്റെ കാലത്തുമുണ്ട്. രക്ഷയ്ക്കു നേരെ മറുതലിക്കുന്നവർ.

**1. മനുഷ്യമക്കളുടെ എല്ലാ പാപങ്ങളും അവർ പറയുന്ന ദൂഷണങ്ങളും ക്ഷമിക്കപ്പെടും:** കർത്താവിന്റെ രക്തത്തിന്റെ വിലയാൽ തുറക്കപ്പെട്ട പറുദീസ രക്ഷ എല്ലാവർക്കുമുള്ളതാണ്. ഏതു മാരകപാപിക്കും അനുതപിച്ചാൽ രക്ഷ ഉറപ്പാണ്. ആ ഉറപ്പ് കർത്താവിന്റെ രക്തത്തിലുള്ള ഉറപ്പാണ്. വീണ്ടെടുപ്പുകാരൻ കർത്താവാകയാലും മോചനദ്രവ്യം അവൻതന്നെയാകയാലും ഹൃദയപൂർവം അവന്റെ പക്കലണയുന്ന ഒരാളും രക്ഷയ്ക്ക് പുറത്തല്ല;. അകത്താണ്. കർത്താവിനു ക്ഷമിക്കാനാവാത്ത യാതൊരു പാപവും നമ്മിലില്ല. ഈ പരമസത്യത്തിനെതിരെയാണ് ഈ ലോകത്തിന്റെ മറുതലിപ്പ്. അവർക്കുള്ള മറുപടിയാണ് അടു ത്തത്.

**2. എന്നാൽ, പരിശുദ്ധാത്മാവിനെതിരായി ദൂഷണംപറയുന്നവന് ഒരുകാലത്തും പാപത്തിൽനിന്ന് മോചനമില്ല:** രക്ഷ ആരാണെന്നും എവിടെയാണെന്നും അറിഞ്ഞിട്ടും അതിനെ അവിശ്വസിക്കുന്നതും നിരാകരിക്കുന്നതുമാണ് മാരകപാപം. യേശുക്രിസ്തു മാത്രമാണ് ഏകരക്ഷകൻ. അവനിലൂടെയല്ലാതെ ഒരുവനും രക്ഷ പ്രാപിക്കുകയില്ല. അവിടുത്തെ സുവിശേഷമാണ് സത്യം. ഇതിനെതിരെ ആരു നിലകൊണ്ടാലും പ്രസംഗിച്ചാലും പഠിപ്പിച്ചാലും അവർ പരിശുദ്ധാത്മാവിനെതിരെ പാപം ചെയ്യുന്നു. കാരണം, രക്ഷകനെ ലോകത്തിനു വെളിപ്പെടുത്തിയത് പരിശുദ്ധാത്മാവാണ്. രക്ഷയും രക്ഷയുടെ വഴിയും യേശുവായിരിക്കെ, അവനെ പിശാചുക്കളുടെ തലവനെന്ന് വിളിച്ചാൽ രക്ഷയുടെ വഴി അവർതന്നെ സ്വയം അടയ്ക്കുന്നു. കർത്താവ് രക്ഷകനാണെന്ന് അംഗീകരിക്കാതെ, അവനിൽ പിതാവ് നൽകിയ രക്ഷ മനസ്സിലാക്കാതെ നിലകൊള്ളുന്ന എല്ലാ പഠനങ്ങളും പ്രവചനങ്ങളും പ്രബോധനങ്ങളും വിശ്വാസങ്ങളും പരിശുദ്ധാരൂപിയ്ക്ക് എതിരാണ്. നിത്യരക്ഷയിലേക്കുള്ള മാർഗം അവർതന്നെ എന്നന്നേക്കുമായി കൊട്ടിയടയ്ക്കും. അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല. രക്ഷ നൽകപ്പെട്ടെങ്കിലും അത് സ്വീകരിക്കപ്പെടാനുള്ളതാണെന്ന് മറക്കാതിരിക്കാം.

**3. അവൻ നിത്യപാപത്തിന് ഉത്തരവാദിയാകും:** യേശുവിൽ ആശ്രയംവച്ചിരിക്കുന്ന ഒരുവൻ എത്ര വലിയ പാപിയായാലും കർത്താവിന്റെ കരുണ അവന് ലഭിക്കും. കാരണം, അവനിൽ വിശ്വസിക്കുന്ന ഏതൊരുവന്റെയും പാപത്തിന്റെ ഉത്തരവാദിത്വം കർത്താവ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ബോധപൂർവം യേശുക്രിസ്തുവിനെ നിരാകരിക്കുന്നവൻ ഉപേക്ഷിക്കുന്നത് രക്ഷയെയാണ്. അവൻ നിത്യപാപത്തിനും നിത്യനരകത്തിനും ഉത്തരവാദിയാണ്.

കർത്താവിൽനിന്ന് നമ്മെ അകറ്റാനുള്ള എല്ലാ കെണികളും പിശാച് ഒരുക്കിയിട്ടുണ്ട്. ആ കുഴികളിൽ വീണ് രക്ഷകനായ യേശുക്രിസ്തുവിൽ നിന്നകന്നുപോകാതെ വചനത്തിലൂടെ ലഭിച്ച വിശ്വാസം ജ്വലിപ്പിക്കുന്നവരാകാം. നമ്മുടെ പൂർണ ഉത്തരവാദിത്വം കർത്താവിനെ ഭരമേൽപ്പിക്കാം. അങ്ങയെ, അവിടുന്നു രക്ഷകനാണെന്ന് അധരംകൊണ്ടും ഹൃദയംകൊണ്ടും ഏറ്റുപറയാം.

**ഫാ. അജോ കളപ്പുരയിൽ**

# ജൂലൈ 18
# കൈത്താ 2–ാം ഞായർ

## ഭാഷ്യം

### മർക്കോ 4:1-20

## സന്ദർഭം

മർക്കോസ് 4:1-34 ൽ പല ഉപമകളിലൂടെ യേശു സംസാരിക്കുന്നു. മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യങ്ങൾ ജനങ്ങൾക്ക് പരിചിതമായ കാര്യങ്ങളിലൂടെ അവരെ പഠിപ്പിക്കുകയാണ് ഉപമകളിലൂടെ. സാധാരണയായ ഈ ഉപമകൾ അവരുടെ ചുറ്റുപാടുകളുമായും ജീവിത സാഹചര്യങ്ങളുമായും ബന്ധപ്പെട്ടുകിടക്കുന്നു. വിതക്കാരന്റെ ഉപമ പറയുകയും അതിന്റെ അർത്ഥം അവരെ പഠിപ്പിക്കുന്നതുമാണ് ഈ വായനയുടെ പശ്ചാത്തലം.

## സാരം

ഇന്നത്തെ വായന മർക്കോസിന്റെ സുവിശേഷത്തിലെ sandwiching passage എന്ന് അറിയപ്പെടുന്നവയിൽ ഒന്നാണ്. ഒരു കാര്യം പറയുന്നതിനു നടുവിൽ അതിന്റെ അർത്ഥം വിവരിക്കുന്ന ഒരു പാസേജ് (4:10-12) ഉൾക്കൊള്ളിച്ച് ആ ഭാഗത്തിന്റെ കാതലായ സന്ദേശം വെളിവാക്കുന്ന രീതിയാണിത്. ഇവിടെ വിതക്കാരന്റെ ഉപമയും അതിന്റെ വ്യാഖ്യാനവും നൽകുന്നതിനിടയിൽ ഉപമകളുടെ ഉദ്ദേശം വ്യക്തമാക്കിയിരിക്കുന്നു.

ഈ ഉപമയെ വിത്തിന്റെ ഉപമയെന്നും പലതരം മണ്ണിന്റെ ഉപമയെന്നും വിളിക്കുന്നവരുണ്ട്. തീർച്ചയായും വിത്തിന്റെ പല സാധ്യതകളെ ഉപമ വിവരിക്കുന്നുണ്ട്. അതിനെക്കാൾ 4 തരം നിലങ്ങളെക്കുറിച്ച് പറയുന്നതിനാൽ ഇതിനെ 'നിലങ്ങളുടെ ഉപമ' എന്ന് വിളി

ക്കുന്നതിലും തെറ്റില്ല. മണ്ണിന്റെ അവസ്ഥയാണ് യേശുവി നോടുള്ള കേൾവിക്കാരന്റെ പ്രതികരണത്തെ നിർണയിക്കുന്നത്. പലതരം നിലങ്ങളെപ്പോലെ, യേശുവിന്റെ സന്ദേശം വിഭിന്നമായ പ്രതികരണങ്ങളാണ് കേൾവിക്കാരിൽ ഉളവാക്കുന്നത്. 'കേൾക്കുവിൻ' എന്ന് പറഞ്ഞാണ് ഉപമ ആരംഭിക്കുന്നതും 'കേൾക്കാൻ' എന്ന് പറഞ്ഞാണ് ഉപമ അവസാനിക്കുന്നതും (4:3,9). ഏറെ ഗൗരവത്തോടെ സുപ്രധാന കല്പനകൾ നൽകുന്നതും 'കേൾക്കുവിൻ' എന്ന് പറഞ്ഞാണ് (നിയ 6:1–25).

## സന്ദേശം

വിത്തോളം പ്രത്യാശ നൽകുന്ന മറ്റൊന്നില്ല. ക്ഷമാപൂർവമുള്ള കാത്തിരിപ്പിന്റെ പ്രതീകമാണ് വിത്ത്. നിന്റെ ഉള്ളിൽ ഗുരുബോധത്തിന്റെ വിത്തുണ്ട്. അത് വളർന്ന് ഫലം പുറപ്പെടുവിക്കണം. മാതാവ് യേശുവിനെ കേൾവിയിലൂടെ ഗർഭം ധരിച്ചതുപോലെ ശരിയായ കേൾവിയിലൂടെ നമ്മുടെ ഉള്ളിലും യേശുവാകുന്ന വിത്ത് മുള പൊട്ടിവളരും. നാലുതരം നിലങ്ങളെപ്പോലെ ഈ വിത്തിന് നാനാതരത്തിലുള്ള പ്രതിസന്ധികളെ അതിജീവിക്കേണ്ടിവരുന്നു (ഇപ്പോഴത്തെ കൊറോണ ഉൾപ്പടെ). നല്ല കൃഷിക്കാർക്കറിയാം; നന്നായി നിലമൊരുക്കേണ്ടതിന്റെ ആവശ്യകത. ഇത് നമ്മുടെ സാധ്യതകളെക്കുറിച്ചുകൂടിയാണ് പറയുന്നത്. നൂറുമേനി ഫലം പുറപ്പെടുവിക്കാനുള്ള സാധ്യത നമുക്കുണ്ട്. ഒരു ആപ്പിളിൽ എത്ര വിത്ത് ഉണ്ടെന്ന് നമുക്ക് എണ്ണാനാകും; എന്നാൽ ഒരു വിത്തിൽ എത്ര ആപ്പിൾ ഉറങ്ങിക്കിടക്കുന്നു എന്ന് എണ്ണാനാകില്ല. ക്രിസ്തു ഉള്ളിലെ വിത്താണ്.

**ഡോ. വർഗീസ് ചിരപ്പറമ്പൻ VC**

# പ്രസംഗം

## ഞാൻ എന്നെ കണ്ടെത്തിയോ?

ഈ ഉപമയുടെ പശ്ചാത്തലം യേശുവിന്റെ ദൈവരാജ്യത്തെക്കുറിച്ചുള്ള പഠിപ്പിക്കലാണ്. ഉപമയിലൂടെ യേശു ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നത്, അവ മനുഷ്യഹൃദയങ്ങളിൽ പതിയുന്നതിനുവേണ്ടിയാണ്. തന്റെ ദൈവരാജ്യപ്രഘോഷണങ്ങളിൽ യേശു ഒരു ഫലശൂന്യത കണ്ടിരുന്നു; അത് യഹൂദനേതാക്കന്മാരുടെ എതിർപ്പ്, സ്വന്തക്കാരുടെ ഇടയിലുള്ള തെറ്റുധാരണ, ജനങ്ങളുടെ അല്പവിശ്വാസം, ദുർവ്യാഖ്യാനങ്ങൾ, കുറ്റാരോപണങ്ങൾ തുടങ്ങിയവയാണ്. അനുകൂലമായി കടന്നുവന്നവർ പാപികളും ചുങ്കക്കാരും, പാർശ്വവൽക്കരിക്കപ്പെട്ടവരും അറിവില്ലാത്തവരും വെറുക്കപ്പെട്ടവരുമായ എളിയ ജനങ്ങളായിരുന്നു. ഈ സാഹചര്യത്തിൽ ശിഷ്യന്മാർപോലും സംശയാലുക്കളും ആശങ്കാകുലരും നിരാശരുമായിരുന്നു. എന്നാൽ ഈശോ ഈ ഉപമയിലൂടെ ശുഭാപ്തിവിശ്വാസം പ്രകടിപ്പിക്കുകയാണ്; അതായത് മാനുഷിക വീക്ഷണത്തിൽ ദൈവരാജ്യദൗത്യം പരാജയമാണെന്നു തോന്നിയാലും അന്തിമമായ വിജയം സുനിശ്ചിതമാകുമെന്ന്. ഈ ഉപമയിലൂടെ യേശു ശിഷ്യന്മാരിലുള്ള പരാജയഭീതിയകറ്റി പ്രത്യാശയും ഉൽസാഹവും പകർന്ന് അവരെ ശക്തരാക്കുകയാണ്.

ഒരു കൃഷിക്കാരൻ തന്റെ വിളഭൂമിയിൽ വിത്ത് വിതയ്ക്കുന്നതിന്റെ ലക്ഷ്യം നല്ല ഫലം ലഭിക്കുന്നതിനുവേണ്ടിയാണ്. കൃഷിക്കാരൻ നിലം നന്നായി ഒരുക്കി തയ്യാറാക്കി. കളകളെല്ലാം എടുത്തുമാറ്റിയിട്ടാണ് വിത്ത് വിതയ്ക്കുന്നത്. കൃഷിക്കാരനും വിളഭൂമിയും ഫലവും ഓരോ മനുഷ്യന്റെ ജീവിതത്തിലെ സൂചനകളാണ്. വിതക്കാരൻ യേശുവാകുന്നു, കൃഷിസ്ഥലം എന്റെ ഹൃദയമാകുന്നു. ഫലം ദൈവരാജ്യമാകുന്നു. ഇവിടെ ഈ വചനം എന്നോട് ചോദിക്കുകയാണ്: ദൈവവചനമാകുന്ന വിത്ത് പാകാൻ ഞാൻ എന്റെ ഹൃദയത്തെ ഒരുക്കിയോ? ഹൃദയവയൽ ഞാൻ ഒരുക്കിയെങ്കിലും, നിരന്തരമായി ഒരു ഒരുക്കൽ അഥവാ കഴുകൽ നടത്താൻ ഇനിയും എനിക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളെയും പരാജയങ്ങളെയും അതിജീവിച്ച് ശരിയായി മുന്നോട്ടുപോകാൻ ഞാൻ നിരന്തരം പരിശ്രമിക്കണം.

ഒന്നാമതായി, വിത്ത് വിതച്ചപ്പോൾ വഴിയരികിൽ വീണത് ഫലം നൽകിയില്ലെന്ന് മാത്രമല്ല; പക്ഷികൾ വന്ന് തിന്നുകയും ചെയ്തു. വർഷങ്ങളായി ഹൃദയമാകുന്ന എന്റെ വയലിൽ വീണ ധാരാളം വചനങ്ങളുണ്ട്. ഞാൻ കേട്ടതും വായിച്ചതും മനസ്സിലാക്കിയതുമായ വചനങ്ങൾ. എന്നാൽ ഇന്ന് ഞാൻ എന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ അവയൊന്നും കാണുന്നില്ല; എല്ലാം നഷ്ടപ്പെട്ടതുപോലെ. പിശാച് എന്നിൽനിന്ന് അവയെല്ലാം എടുത്തുകൊണ്ടുപോയി.

രണ്ടാമതായി, ഒരു കൃഷിക്കാരൻ കൃഷിചെയ്യുമ്പോൾ നിലം നന്നായി ഒരുക്കുകയും കളകളും മുൾച്ചെടികളും പരമാവധി ഇല്ലാതാക്കുകയും ചെയ്യും. എങ്കിലും വയലിൽ മുൾച്ചെടികൾ വളരാറുണ്ട്. മുള്ളുകൾ വളരുന്തോറും വിത്ത് മുളച്ചുപൊങ്ങിയാലും അതിന് നന്നായി വളരാൻ കഴിയില്ല. കാരണം, കളകളും മുൾച്ചെടികളും പെട്ടെന്ന് വളർന്ന് നല്ല ചെടികളെ ഞെരുക്കികളയുന്നു. ഒരു കർഷകൻ എത്രമാത്രം നില മൊരുക്കുന്നുവോ, അതനുസരിച്ച് ചെടികൾ വിളവ് നൽകും; അല്ലെങ്കിൽ ഫലം പുറപ്പെടുവിക്കാൻ കഴിയാതെ പോകും. മനുഷ്യന്റെ ഹൃദയമാകുന്ന വയലും ഇതുപോലെ ഒരുക്കുക. എത്രമാത്രം ഹൃദയവയൽ ഒരുക്കുന്നുവോ, അതനുസരിച്ച് സുവിശേഷമാകുന്ന വിത്ത് ഫലമായിതീരും. വിശുദ്ധ പൗലോസ് പറയുന്നതുപോലെ 'നന്മയിൽ വളരാൻ ആഗ്രഹിക്കുന്ന എന്റെ ഉള്ളത്തെ തിന്മയാകുന്ന മുള്ളുകൾ ഞെരുക്കിക്കളയുകയാണ്' എന്ന്. എന്റെ ഉള്ളിലെ മുൾച്ചെടികൾ, ഉള്ളിൽവീണ വചനമാകുന്ന ചെടികളെ ഫലം തരാൻ അനുവദിക്കാതെ ഞെരുക്കിക്കളയുന്നു. ഞാൻ എന്നെ പരിശോധിച്ചപ്പോൾ മുള്ളുകൾ ഏവയെന്ന് എനിക്ക് മനസ്സിലായി: എന്റെ സ്വാർത്ഥം, ഞാൻ എന്ന ഭാവം, മറ്റുള്ളവരെ സഹായിക്കാൻ താൽപര്യം കാണിക്കാത്ത എന്റെ മനോഭാവം, എന്നിലെ അഹങ്കാരം, ഇങ്ങനെ ധാരാളം മുൾച്ചെടികൾ എന്നിൽ നിരന്തരം വളരുകയാണ്. തൽഫലമായി വചന വിത്തുകൾ ഫലംതരാതെ ഞെരിഞ്ഞമർന്നുപോവുകയാണ്.

മൂന്നാമതായി, കൃഷിക്കാരൻ വിത്തുവിതച്ചപ്പോൾ മണ്ണ് അധികമില്ലാത്ത പാറപോലെ കടുപ്പമുള്ള നിലത്ത് വീഴുന്നു. പെട്ടെന്ന് മുളച്ചുപൊങ്ങിയെങ്കിലും സൂര്യനുദിച്ചപ്പോൾ അത് വെയിലേറ്റ് കരിഞ്ഞുപോയി. കൃഷിയറിയാവുന്ന ഒരു വ്യക്തിയും കടുപ്പമുള്ള സ്ഥലത്ത് വിത്ത് പാകില്ല. ഒന്നുകിൽ കൃഷിക്കാരൻ അത്തരത്തിലു ള്ള മണ്ണ്

ആഴത്തിൽ ഉഴുതുമറിച്ച് കൃഷിക്ക് യോഗ്യമാക്കും. അല്ലെങ്കിൽ അങ്ങനെയുള്ള സ്ഥലത്ത് വിത്ത് പാകില്ല. കാരണം കൃഷിക്കാരനറിയാം; വേര് ആഴത്തിൽ ഇറങ്ങിയില്ലെങ്കിൽ ഒരിക്കലും ചെടി വളരുകയില്ലെന്നും ഫലം തരുകയില്ലെന്നും. സൂര്യന്റെ ചൂടേറ്റ് അത് കരിഞ്ഞുപോകും. എന്റെ ജീവിതത്തിൽ ഞാൻ പലപ്പോഴും കണ്ടെത്തുന്ന സത്യം: ദൈവവചനത്തിന് ആഴത്തിൽ വളരാൻ സാഹചര്യം ഉണ്ടാകുന്നില്ല. പ്രയാസമുള്ള, വിലകൊടുക്കേണ്ട ജീവിതയാഥാർത്ഥ്യങ്ങളെ ഞാൻ ഉൾക്കൊള്ളുന്നില്ല എന്നുള്ള തിരിച്ചറിവ് ഞാൻ മനസ്സിലാക്കുന്നു. ക്രിസ്തുവിനുവേണ്ടി മുറിയപ്പെടാനും ഭാരം ഏറ്റെടുക്കാനും സഹനം അഥവാ കുരിശ് ജീവിതത്തിൽ സ്വീകരിക്കാനും ത ക്കവിധത്തിലുള്ള ഒരു വളർച്ച ഇതുവരെയും എനിക്കുണ്ടായിട്ടില്ല.

കൃഷിസ്ഥലത്ത് വിത്തുപാകുമ്പോൾ ഒരു കൃഷിക്കാരന്റെ ലക്ഷ്യം എപ്പോഴും ഏറ്റവും നല്ല ഫലം ലഭിക്കണമെന്നാണ്. കൃഷിക്കാരൻ തന്റെ സമയവും അദ്ധ്വാനവും പണവും എല്ലാം നൽകി, കൃഷിയിൽനിന്നും പരമാവധി നേട്ടമുണ്ടാക്കാൻ പരിശ്രമിക്കും. അതിന് ആവശ്യമായ എല്ലാ പരിചരണവും നൽകുന്നു. നല്ല ഫലം ലഭിക്കുമ്പോൾ കൃഷിക്കാരന് വലിയ സന്തോഷമാകും. അതിന്റെ കാരണം പ്രതീക്ഷിച്ചതുപോലെ വിളവ് ലഭിച്ചു എന്നുള്ളതാണ്. കൃഷിക്കാരന്റെ ജീവിതത്തിലെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. നമ്മുടെ നാട്ടിൽ ഇന്ന് കർഷകർ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്. കാർഷികവിളവിന് നല്ല വരുമാനം ലഭിക്കുന്നില്ലെങ്കിൽ അവർക്ക് സാമ്പത്തികപ്രതിസന്ധിയും ഉണ്ടാകും. അത് കുടുംബത്തെയും ജീവിതത്തെയും ബാധിക്കും. വലിയ കടബാധ്യതകളുണ്ടാകും.

യേശു നൽകുന്ന വിതക്കാരന്റെ ഉപമയിൽ കുറേ വിത്ത് ഫലം തരാതെപോയിയെങ്കിലും കുറേയധികം വിത്ത് നല്ല വിളവ് നൽകി: 30, 60, 100 മേനി എന്നിങ്ങനെ, നഷ്ടങ്ങളെ ഓർക്കാതെ ആ കൃഷിക്കാരൻ തന്റെ വിളവിൽ വളരെയധികം സന്തോഷിക്കുകയാണ്, കുറേ വിത്ത് നഷ്ടമായെങ്കിലും അനുകൂലസാഹചര്യത്തിൽ പതിച്ച വിത്ത് പ്രതീക്ഷിച്ചതിലും അധികം വിളവു നൽകി.

ഈ ഉപമയിൽ, യേശു വചനമാകുന്ന വിത്ത് വിതച്ചപ്പോൾ ഹൃദയമാകുന്ന വിളഭൂമിയിൽ ഫലം തരാതെ വചനവിത്ത് നഷ്ടപ്പെട്ടുവെങ്കിലും ധാരാളം വിത്ത് ഫലം പുറപ്പെടുവിച്ചു. ഹൃദയമാ

കുന്ന വിളഭൂമി വചനത്തെ സ്വീകരിച്ച് ഫലവത്താക്കി മാറ്റി. നല്ല നിലത്ത് വീണ വിത്ത് ഫലം നൽകിയെന്ന് പറയുമ്പോൾ എന്റെ ഹൃദയവയൽ ഞാൻ പരിശോധിക്കുകയാണ്. എത്രമേനി ഫലം ഞാൻ നൽകി? ഇത് എന്നോട് നിരന്തരം ചോദിക്കുന്ന, എന്നെ കുറ്റപ്പെടുത്തുന്ന ഒരു ചോദ്യമാണ്. നഷ്ടങ്ങളും കുറവുകളും എന്റെ ജീവിതത്തിൽ സംഭവിച്ചുവെങ്കിലും എന്റെ ഹൃദയത്തിൽനിന്ന് ധാരാളം ഫലം ഞാൻ പുറപ്പെടുവിച്ചോ? വിശുദ്ധ ഗ്രന്ഥത്തിലെ വിശ്വസ്തനായ ഭൃത്യൻ തന്റെ യജമാനന്റെ ഇഷ്ടങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചതുപോലെ ഞാനും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വിതക്കാരന്റെ ഉപമയാകുന്ന ഈ വേദഭാഗം നഷ്ടങ്ങളുടെ കണക്ക് പറയുന്നുവെങ്കിലും ഫലത്തിന്റെ കണക്കും നൽകുന്നുണ്ട്. ജീവിതത്തിലൂടെ ഈ വചനഭാഗത്തെ വിശകലനം ചെയ്യുമ്പോൾ ദൈവമുമ്പാകെ നന്ദിയുടെയും ദൈവസ്നേഹത്തിന്റെയും ദൈവമഹത്ത്വത്തിന്റെയും ഒക്കെ അനുഭവങ്ങളാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് വിതക്കാരന്റെ ഉപമയിലൂടെ ഞാൻ എന്നെ കണ്ടെത്തുന്നു. ദൈവവചനത്തിൽ ഞാൻ എങ്ങനെയായിരിക്കണം, എങ്ങനെ പ്രതികരിക്കണം, ജീവിക്കണം തുടങ്ങിയ ചിന്തകൾ ആഴത്തിൽ പഠിക്കാനും ചിന്തിക്കാനും പ്രേരണ നൽകിക്കൊണ്ടിരിക്കുന്നു.

**ഫാ. ആന്റണി കല്ലിൽ OIC**

# ജൂലൈ 25
# കൈത്താ 3–ാം ഞായർ

## ഭാഷ്യം

### ലൂക്കാ 14:7-11

## സന്ദർഭം

ശിഷ്യത്വത്തെ സംബന്ധിച്ച നിർണായകമായ ചില പാഠങ്ങൾ നൽകുന്ന ഒരു സുവിശേഷഭാഗം. സാബത്തിൽ, വിരുന്നിനുമധ്യേ മഹോദരരോഗിക്ക് സൗഖ്യംനൽകുന്നതിലൂടെ സാബത്താചരണത്തിന്റെ ലക്ഷ്യം വ്യക്തമാക്കുന്നു. പ്രഥമസ്ഥാനത്തിനുവേണ്ടി മത്സരിക്കുന്ന വിരുന്നുകാർക്ക് നൽകുന്ന ഉപദേശം സ്ഥാനമോഹത്തിനെതിരേ താക്കീത് നൽകുന്നു. ആരെയാണ് വിരുന്നിനു ക്ഷണിക്കേണ്ടത് എന്ന നിർദ്ദേശത്തോടെ വിരുന്നുകളുടെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുന്നു. ഗ്രീക്കുകാരുടെയും അവരെ അനുകരിച്ച് റോമാക്കാരുടെയും ഇടയിൽ നിലവിലിരുന്ന ഒരു പതിവാണ് വിരുന്നുകളും വിരുന്നിനുമധ്യേ നടക്കുന്ന ചർച്ചകളും സംഭാഷണങ്ങളും. *സിംപോസിയം* എന്നാണ് ഇതറിയ പ്പെട്ടിരുന്നത്. ഇതിൽനിന്നാണ് നമുക്ക് പരിചിതമായ ചർച്ചാസമ്മേള നങ്ങളായ *സിമ്പോസിയ*ത്തിന്റെ വരവ്.

## സാരം

സാബത്താചരണം മനുഷ്യന് നന്മ ചെയ്യുന്നതിന് തടസ്സമാകരുത്. ആചാരാനുഷ്ഠാനങ്ങൾക്കുപരി അവയുടെ ആന്തരികമായ ലക്ഷ്യങ്ങൾക്ക് പ്രാധാന്യം നൽകണം. പ്രഥമസ്ഥാനത്തെക്കുറിച്ചുള്ള പ്രബോധനമാണ് അടുത്തത്. വിരുന്നുശാലയിൽ ആതിഥേയന്റെ വലതുവശത്തെ ഇരിപ്പിടമാണ് ഏറ്റവും പ്രധാനം. ഇടതുവശത്തേതിനു രണ്ടാംസ്ഥാനം. ഇങ്ങനെയാണ് മുൻഗണനാക്രമം. സ്വയം വലിയവനാകാൻ ശ്രമിക്കരുത്. മറ്റുള്ളവരെ നിന്നെക്കാൾ ബഹുമാന്യനായി കരുതണമെന്നഗുണപാഠം. ആവശ്യക്കാർക്ക് സഹായം നൽകുന്നത് എന്തെങ്കിലും ഭൗതികമായ പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടാകരുത് എന്ന് വിരുന്നിനു ക്ഷണിക്കപ്പെടുന്നവരെക്കുറിച്ചുള്ള ഉദാഹരണത്തി

ലൂടെ പഠിപ്പിക്കുന്നു. വിരുന്നു നടത്തുന്നതുതന്നെ പ്രൗഢി പ്രകടിപ്പിക്കാനാകരുത്. എല്ലാം കാണുന്ന ദൈവത്തിൽനിന്നുമാത്രം പ്രതിഫലം പ്രതീക്ഷിച്ചാൽ മതി. നിത്യജീവനായിരിക്കും ആ പ്രതിഫലം.

## സന്ദേശം

സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള മത്സരം ഇന്ന് എല്ലാതലങ്ങളിലും പ്രകടമാണല്ലോ! സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ മാത്രമല്ല, മതമേഖലയിലും ഇത് കടന്നുകൂടിയിരിക്കുന്നു. മറ്റുള്ളവരെ കാണിക്കാൻവേണ്ടി, മറ്റുള്ളവരുടെ മുൻപിൽ വലിപ്പം കാണിക്കാൻവേണ്ടി, ചെയ്തുകൂട്ടുന്ന ക്രയവിക്രയങ്ങളിൽനിന്ന് ആരുംതന്നെ പൂർണമായും മുക്തരല്ല എന്ന് തോന്നും. ആയിരങ്ങളെ വിളിച്ച് വിരുന്നാഘോഷിക്കുന്ന വിവാഹങ്ങളും ജൂബിലികളും പുത്തൻകുർബാനകളും എല്ലാം നിർത്തിവയ്ക്കാൻ നിർബന്ധിക്കുന്ന കോവിഡ് നിയന്ത്രണങ്ങളിലൂടെ ദൈവം പഠിപ്പിക്കുന്ന പാഠം ഇനിയെങ്കിലും മനസ്സിലാക്കാൻ കഴിയണം. വിശക്കുന്നവർക്കാണ് ആഹാരം ആവശ്യം. അതിന് പ്രതിഫലമായി ദൈവം ദൈവരാജ്യത്തിൽ സ്ഥാനം നൽകും.

**ഡോ. മൈക്കിൾ കാരിമറ്റം**

---

# പ്രസംഗം

## പകരം പ്രതീക്ഷിക്കാതെ പകരാം

നഷ്ടങ്ങളുടെ ഒരു ചരിത്രത്തിലൂടെ നാം കടന്നുപോവുകയാണ്. വെറും നഷ്ടമല്ല; ജീവൻ നഷ്ടപ്പെടുന്ന ചരിത്രത്തിന് നാം സാക്ഷ്യം വഹിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രാർത്ഥനയോടെ നമുക്ക് വചനം ധ്യാനിക്കാം. മേന്മ ഭാവിക്കാൻ ഒന്നുമില്ലെന്ന് മനുഷ്യനോട് ഒരു കുഞ്ഞൻവൈറസ് വെല്ലുവിളിക്കുമ്പോൾ ഇനിയെങ്കിലും *ഞാൻ ഭാവങ്ങളെ* മറികടന്നുകൊണ്ട് ദൈവത്തിൽ ആശ്രയിക്കാനും അപരനുവേണ്ടി നിലകൊള്ളാനും ഈ കാലഘട്ടം ഓർമപ്പെടുത്തുകയാണെണ് താഴ്മയോടെ നമുക്ക് അംഗീകരിക്കാം.

രണ്ടുകാര്യങ്ങളിലേക്ക് നമുക്ക് ഇന്ന് ശ്രദ്ധതിരിക്കാം: 1) ലൂക്കാ 14: 11: “തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.” 2)ലൂക്കാ 14:14: “എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല.” നഷ്ടപ്പെടുത്തിയവർ

നേടിയിട്ടേയുള്ളൂ. താഴ്ന്നുനിന്നവർ ഉയർന്നിട്ടേയുള്ളൂ. തകർക്കപ്പെടാൻ തയ്യാറായവർ ശക്തരായിട്ടേയുള്ളൂ. ഉദാഹരണമായി മനസ്സിലേക്ക് വരുന്നത് വിശുദ്ധ മദർ തെരേസയാണ്. സർവതും നഷ്ടപ്പെടുത്തി ഇറങ്ങിയ മദർ തെരേസ നേടിയത് ഭൂഖണ്ഡങ്ങളെയാണ്. എല്ലാത്തിനുമൊപ്പം ഉടുതുണിപോലും നഷ്ടമാക്കിയ വിശുദ്ധ ഫ്രാൻസിസ് അസ്സീസി നേടിയതിന് കണക്കുകൾ ഒന്നുമില്ല. നമുക്കും പ്രചോദനം ഉണ്ടായ നിരവധി വിശുദ്ധാത്മാക്കളും മഹത്‌വ്യക്തികളും നഷ്ടമാക്കിയ അനുഭവം ആഴമേറിയതാണ്. അതിനാലാണ് അവർ മഹത്ത്വത്തിന്റെ ഉയർച്ചയിൽ പ്രകാശിക്കുന്നത്. അവർ സ്വയം താഴ്ന്നവർ ആയിരുന്നു. കാലം അവരെ ഉയർത്തുകയായിരുന്നു.

തിരുസ്സഭയുടെ ചൈതന്യവും വളർച്ചയും സാക്ഷ്യവും മറ്റൊന്നുമല്ല. നഷ്ടങ്ങളുടെ നടുവിൽ തഴച്ചു വളർന്ന സാഹചര്യമാണ് തിരുസ്സഭയുടേതും. അപ്പസ്തോലന്മാരുടെ ജീവിതവും പ്രവർത്തനവും ഇതല്ലാതെ മറ്റെന്താണ് സാക്ഷ്യംവഹിക്കുക. എല്ലാം ഉപേക്ഷിച്ച് ജീവൻ സമർപ്പിച്ച മിഷണറിമാർ ഇതുതന്നെയല്ലേ സൂചിപ്പിക്കുന്നത്. അതിനാൽ തിരുസ്സഭയും നഷ്ടപ്പെടുത്തലുകളിലൂടെ മഹത്ത്വം പ്രാപിച്ചുനിൽക്കുന്ന ദൈവിക പ്രതിഭാസമാണ്. തകർക്കപ്പെട്ടതല്ല കാരണം തകർക്കാൻ ആകാത്തവിധം നഷ്ടങ്ങൾ സഹിച്ചതിന്റെ പ്രകാശമാണ് സഭയുടേത്. ഇനിയൊന്ന് ചുരുക്കിയാൽ, ഇതിന്റെ എല്ലാം കേന്ദ്രബിന്ദു ക്രിസ്തുവിലാണ്. ക്രിസ്തുവാണ് ഇതിന്റെ മാതൃക. സ്വയം താഴ്ത്തിയ ക്രിസ്തുവിനോളം വലിയ ഒരു വ്യക്തിയേയും കാണാൻ കഴിയില്ല. അതുപോലെതന്നെ ഉയർച്ചയും.

സ്വർഗത്തോളം ഉയരമുള്ളവൻ ഭൂമിയോളം താഴ്ന്നു.
അനാദിമുതലേയുള്ളവൻ നശ്വരമായിടത്തേക്ക് വന്നു.
നിത്യതയിൽ ഉള്ളവൻ മനുഷ്യനായി മാറി,
മരണമില്ലാത്തവൻ കൊല്ലപ്പെട്ടു.
രാജാവായവൻ അവഗണിച്ച് തിരസ്കൃതനായി
നേതാവാകാൻ ഒറ്റയാക്കപ്പെട്ടു.
സേവിക്കപ്പെടേണ്ടവൻ ശുശ്രൂഷ ചെയ്തു.
മഹത്ത്വപൂർണ്ണമായവൻ ഒന്നുമില്ലാത്തവനായി
ദൈവത്തിന്റെ ഭാവങ്ങളെ സമാനതകളില്ലാതെ മാറ്റി.

ഇങ്ങനെ, എഴുതിയാലും പറഞ്ഞാലും തീരാത്തവിധം നഷ്ടപ്പെടാൻ തയ്യാറായ മറ്റൊരാളെയും ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ല.

Date of Publication: 13 June 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 24)

ഇനി കാണുകയുമില്ല. അതിനാൽ പ്രാർത്ഥിക്കാം; യേശുനാഥാ, മനുഷ്യകുലത്തിന്റെ ശൂന്യതയും നിസ്സാരതയും ഓർമപ്പെടുത്തുന്ന ഈ കാലഘട്ടത്തിലെങ്കിലും ഞങ്ങൾ ആയിരിക്കുന്ന ഇടങ്ങളിൽ അൽപ്പമൊന്ന് താഴ്മയോടെ നഷ്ടങ്ങൾ ഏറ്റെടുക്കാൻ സഹായിക്കണമേ. ലൂക്കാ 14: 14–ലൂടെ പകരം നൽകാൻ ഇല്ലാത്തവരുടെ മുന്നിൽ ഭാഗ്യപ്പെട്ടവരാകാൻ ദിവ്യനാഥൻ ഓർമപ്പെടുത്തുകയാണ്. ഇതിനപ്പുറം മറ്റൊന്നു വെല്ലുവിളിയാണ് നമുക്ക് നേരിടാനുള്ളത്. പകരം നോക്കാതെ, പ്രതീക്ഷിക്കാതെ ജീവിക്കുക. എന്നാൽ എന്ത് ത്യാഗം ആവശ്യപ്പെടുന്ന കാര്യമാണിത്. ഒരുപക്ഷേ പകരം മേടിച്ചു ജീവിക്കുന്നവരല്ലേ നാം എന്ന് ചിന്തിച്ചുപോകാറില്ലേ? പകരം പ്രതീക്ഷിക്കാതെ ജീവിക്കുക എന്നതാണ് വെല്ലുവിളി. അസ്തിത്വത്തെ തൊടുന്ന വെല്ലുവിളിയാണിത്. ഇതിനും നമുക്കുള്ള മാതൃക ക്രിസ്തുതന്നെയാണ്. ക്രിസ്തു പകരം പ്രതീക്ഷിക്കാത്തവൻ എന്ന് നിസ്സംശയം പറയാം. മനുഷ്യരിൽനിന്ന് ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കാൻ വലിയ ബുദ്ധിമുട്ടാണ്. ശരിയാണ്...നമ്മിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ സ്നേഹിക്കാൻ ക്രിസ്തുവിനോളം സാധിച്ച വേറെ ആരുമില്ല.

സ്നേഹിച്ചതിനൊക്കെ തിരികെ ലഭിക്കുമെന്ന് ഓർക്കാതെ, നന്മകൾക്ക് അംഗീകാരം പ്രതീക്ഷിക്കാതെ, കഠിനാധ്വാനത്തിൽ സമ്പത്തുമാത്രം കാണാതെ, സൗഹൃദത്തിന്റെ ആനന്ദം എപ്പോഴുമില്ലാതെ, നൽകിയ സമയത്തിന് കണക്കുപറയാതെ, ചെയ്ത സേവനത്തിന് മൂല്യമളക്കാതെ, കഷ്ടപ്പാടുകളുടെ കണക്ക് സൂക്ഷിക്കാതെ, കണ്ണീർകണങ്ങളുടെ പരിഭവം പറയാതെ, പ്രോത്സാഹനത്തിന്റെ തോത് കുറക്കാതെ, അവഗണനയുടെ വേദനകളെ പഠിക്കാതെ, ജീവിച്ചുതീർക്കുന്ന മൂല്യം മറക്കാതെ മുന്നോട്ടുനീങ്ങാൻ നമുക്ക് ഒരുമിച്ചു നടക്കാം. പകരം ലഭിക്കാത്തതിനെ, പരിഭവവും കണ്ണീരും തകർച്ചയും വേദനയും ഓർമപ്പെടുത്തുന്ന സാഹചര്യങ്ങളെ നേരിടാനുള്ള കരുത്തിനായി പ്രാർത്ഥിക്കാം. സ്വയം നഷ്ടപ്പെടുത്തി എന്നെ ഉയർത്തുന്ന യേശുനാഥനിൽ ആശ്രയിക്കാം. ഒപ്പം മറ്റുള്ളവർക്കായി നമുക്കും നഷ്ടപ്പെടാനും പകരം പ്രതീക്ഷിക്കാതെ ജീവിക്കാനും ശ്രമിക്കാം.

**ഫാ. വിൻസന്റ് ഇടക്കരോട്ട് MCBS**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*